ഒരു കി.മീ. 11 കെ.വി. ലൈൻ നിർമ്മാണം, ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 2.5 കിലോമീറ്റർ ലൈൻ റീ-കൺഡക്ടറിംഗ് എന്നിവ നടത്താനുണ്ട്. ആർ.എ.പി.ഡി.ആർ.പി. ആറ്റിങ്ങൽ പദ്ധതിയിൽ 29.6 കി.മീ. ഏരിയൽ ബഞ്ച്ഡ് കേബിൾ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

പ്രസരണ മേഖലയിൽ കടയ്ക്കാവൂരിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിച്ചു. ഇതിലേയ്ക്കായി ആറ്റിങ്ങൽ 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും കടയ്ക്കാവൂർ സബ്സ്റ്റേഷനിലേക്ക് 33 കെ.വി. ലൈനും പ്രസ്തുത സബ്സ്റ്റേഷനിൽ നിന്നുമുള്ള അനുബന്ധ 11 കെ.വി. ലൈനുകളും നിർമ്മിച്ചു.

(ബി) 10358 അപേക്ഷകൾ ലഭിക്കുകയും 10352 സർവ്വീസ് കണക്ഷനുകൾ നൽകുകയും ചെയ്തു.

സമ്പൂർണ്ണ വൈദ്യുതവൽക്കരണം

63 (408) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതവത്ക്കരിക്കാൻ ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ യോജന പദ്ധതി, സംസ്ഥാന സർക്കാരിന്റെയും പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിന്റെയും ഫണ്ട് എന്നിവയിലൂടെയാണ് സമ്പൂർണ്ണ വൈദ്യുതീകരണം സംസ്ഥാനത്ത് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയനുസരിച്ച് 57,356 പുതിയ കണക്ഷനുകളും ഇപ്പോൾ പുതുതായി നിലവിൽ വന്ന ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ യോജന പദ്ധതി പ്രകാരം നിർദ്ധനർക്ക് ഏകദേശം ഒരു ലക്ഷം കണക്ഷനുകളും നൽകാൻ ലക്ഷ്യമിട്ടിട്ടുണ്ട്. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിലൂടെ ഇതിനകം 92,175 പുതിയ കണക്ഷനുകൾ നൽകിക്കഴിഞ്ഞു. അതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ജില്ല	സർവ്വീസ് കണക്ഷൻ-ലക്ഷ്യമിട്ടിരുന്നത്	സർവ്വീസ് കണക്ഷൻ-നൽകിയത്
1	കാസർഗോഡ്	4194	6616
2	കണ്ണൂർ	5136	9347
3	കോഴിക്കോട്	11920	9741
4	വയനാട്	5415	9959
5	പാലക്കാട്	3955	18215
6	മലപ്പുറം	7897	10360
7	തൃശ്ശൂർ	2678	3197
8	എറണാകുളം	3828	1575
9	ആലപ്പുഴ	5486	5388
10	കോട്ടയം	1118	2423
11	പത്തനംതിട്ട	1977	2120
12	കൊല്ലം	718	5009
13	തിരുവനന്തപുരം	3034	8225

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ യോജന പദ്ധതി എന്നിവയിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദവും സുഗമവുമായ നടത്തിപ്പിന് വൈദ്യുത ബോർഡിൽ നിലവിലുള്ള പ്രത്യേക വിഭാഗം ജോലികളുടെ നടത്തിപ്പുകൾ യഥാസമയം നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുവരുന്നുണ്ട്.

വാതകാധിഷ്ഠിത വൈദ്യുത പദ്ധതികൾ

64 (409) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വാതകാധിഷ്ഠിത വൈദ്യുതി ഉൽപാദന പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

വാതകാധിഷ്ഠിത വൈദ്യുതി ഉൽപ്പാദന പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് രണ്ടുകോടി രൂപ വകയിരുത്തിയിരുന്നു. കെ.എസ്.ഇ.ബി.-യും പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡും സംയുക്തമായുള്ള പുതുവൈപ്പിനിൽ തുടങ്ങാനുദ്ദേശിക്കുന്ന 1200 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിക്കുവേണ്ടി വിശദമായ സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയതിന് കൺസൾട്ടന്റിന് നൽകിയ തുകയുടെ 50 ശതമാനമായ 9,87,000 (ഒൻപത് ലക്ഷത്തി എൺപത്തി ഏഴായിരം രൂപ) കെ.എസ്.ഇ.ബി. പെട്രോനെറ്റിന് നൽകിയിട്ടുണ്ട്.

ബ്രഹ്മപുരത്ത് 350 മെഗാവാട്ട് മുതൽ 475 മെഗാവാട്ട് വരെ സ്ഥാപിത ശേഷിയുള്ള വാതകാധിഷ്ഠിത പവർ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്കായി പരിസ്ഥിതി ആഘാത പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസ് (TOR) അനുമതിയ്ക്കായി അപേക്ഷ നൽകിയിട്ടുണ്ട്.

പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'ഭഗവതി അനാ ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്ഥാപനത്തെയാണ് നിയോഗിച്ചിരിക്കുന്നത്.

കൂടാതെ, ബ്രഹ്മപുരം ഡീസൽ നിലയത്തിലെ നിലവിൽ പ്രവർത്തന സജ്ജമല്ലാത്ത രണ്ട് ഡീസൽ ജനറേറ്റർ സെറ്റുകൾമാറ്റി പകരം വാതകമാക്കി മാറ്റിയ എൽ.എൻ.ജി. ഉപയോഗിച്ച് ഏകദേശം 36-42 മെഗാവാട്ട് ശേഷിയുള്ള

LIBRARY ARCHIVES Kerala Legislative Assembly